# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 7 — 10.06.2013-ൽ മറുപടിക്ക്

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.എ വാഹീദ്<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.എ.റ്റി.ജോർജ് | | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി നടപ്പാക്കുന്നതിലുള്ള പുരോഗതി വിശദമാക്കുമോ ; | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ പുരോഗതി ചുവടെ ചേർക്കുന്നു.<br>1. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ പാരിസ്ഥിതിക പഠന റിപ്പോർട്ട് പൂർത്തിയാക്കി, സംയോജിത പാരിസ്ഥിതിക പഠന റിപ്പോർട്ട് 2013 മേയ് 28-ാം തീയതി പ്രസിദ്ധീകരിക്കുകയും, കേന്ദ്ര വനപരിസ്ഥിതി മന്ത്രാലയത്തിന്റെ 2006 - ലെ ഇ.ഐ.എ നോട്ടിഫിക്കേഷൻ പ്രകാരം പബ്ലിക്ക് ഹിയറിംഗ് നടത്തുന്നതിലേക്കായി കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ Vizhinjam International Seaport Limited സമർപ്പിക്കുകയുംചെയ്തു. വിഴിഞ്ഞം തുറമുഖ പദ്ധതിക്കായുള്ള പബ്ളിക്ക് ഹിയറിംഗ് ജൂൺ 29-ാം തീയതി തിരുവനന്തപുരം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ നടത്തുന്നതാണ്. പബ്ലിക്ക് ഹിയറിംഗിന്റെ സാരാംശം കൂടി ഉൾക്കൊള്ളിച്ച് സമ്പൂർണ്ണ സാമൂഹിക - പാരിസ്ഥിതിക |

| | | | |
|---|---|---|---|
| | | | പഠന റിപ്പോർട്ട് 2013 ജൂലൈ മാസത്തോടുകൂടി തന്നെ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പാരിസ്ഥിതിക അനുമതിയ്ക്കായി അപേക്ഷയോടൊപ്പം സമർപ്പിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.<br>2. പദ്ധതിയ്ക്കായി പൂർത്തിയാക്കിയ മാസ്റ്റർ പ്ലാൻ റിപ്പോർട്ടും ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടും 2013 മേയ് 30-ാം തീയതി ബഹു.മുഖ്യമന്ത്രി പ്രസിദ്ധീകരിക്കുകയുണ്ടായി.<br>3. പാരിസ്ഥിതിക അനുമതി ലഭിച്ചാലുടൻ തുറമുഖ നിർമ്മാണത്തിനുള്ള ഇ.പി.സി ടെൻഡർ ക്ഷണിക്കത്തക്ക തരത്തിൽ ഇ.പി.സി ഡോക്യുമെന്റേഷൻ പുരോഗമിച്ചു വരുന്നു.<br>4. പദ്ധതി നിർമ്മാണത്തിന് ഏറ്റവും അത്യന്താപേക്ഷിതമായി വേണ്ടിവരുന്ന സ്ഥലത്തിന്റെ 98 % ഏറ്റെടുത്തു കഴിഞ്ഞു. വെയർ ഹൗസിനായി കോട്ടുകാൽ വില്ലേജിൽ കണ്ടെത്തിയിട്ടുള്ള 41.53 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു.<br>5. പദ്ധതിയ്ക്ക് പാരിസ്ഥിതിക അനുമതി ലഭിക്കുന്ന മുറയ്ക്ക് ധനസമാഹരണം ലഭ്യമാക്കത്തക്കവിധം നടപടിക്രമങ്ങൾ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനി ഇതിനോടകം പൂർത്തി |

| | | | |
|---|---|---|---|
| | | | യാക്കിയിട്ടുണ്ട്.<br>6. ബാഹ്യാടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി പദ്ധതി പ്രദേശത്തേയ്ക്ക് വെള്ളായണി ശുദ്ധ ജലതടാകത്തിൽ നിന്നും 3 എം എൽ ഡി ജലം എത്തിക്കുന്നതിനുള്ള പണി പൂർത്തീകരിച്ചു. ഇതിൽ 1.5 എം എൽ ഡി ശുദ്ധ ജലം, ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശവാസികൾക്ക് തുറമുഖ കമ്പനിയുടെ സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി നൽകി വരുന്നു.<br>7. പദ്ധതി പ്രദേശത്തേയ്ക്ക് കാട്ടാക്കടയിൽ നിന്നും ബാലരാമപുരം വഴി 220 കെ.വി വൈദ്യുതി എത്തിക്കുന്നതിനുള്ള നിർമ്മാണോദ്ഘാടനം ബഹു.മുഖ്യമന്ത്രി 2013 മേയ് 17-ാം തീയതി നിർവ്വഹിക്കുകയുണ്ടായി.<br>8. പദ്ധതി പ്രദേശത്തേയ്ക്കുള്ള 600 മീറ്റർ താൽക്കാലിക റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ചു. എൻ എച്ച് ബൈപ്പാസുമായി ബന്ധിപ്പിക്കുന്ന പണി എൻ.എച്ച് |
| | | | ബൈപ്പാസിന്റെ പണി പൂർത്തിയായതിനുശേഷം ആരംഭിക്കും.<br>9. പ്രദേശത്തെ റെയിൽവേയുമായി ബന്ധിപ്പിക്കുന്നതിനുള്ള സർവ്വെ പൂർത്തിയാക്കി, റെയിൽ അലൈൻമെന്റ് കേന്ദ്ര റെയിൽ മന്ത്രാലയത്തിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. നിർദ്ദിഷ്ട റെയിൽ പാത |

| | | | |
|---|---|---|---|
| | | | കേന്ദ്ര റെയിൽ ബജറ്റിൽ ലാസ്റ്റ് മൈൽ കണക്റ്റിവിറ്റിയ്ക്കായി ഉൾപ്പെടുത്തിയിട്ടുണ്ട്.<br>10. നിർദ്ദിഷ്ട വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിൽ ഇന്ത്യൻ നേവിയ്ക്കായി 500 മീറ്റർ ബർത്തും മറ്റ് അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനായി 25 ഏക്കർ സ്ഥലവും നൽകാൻ ധാരണയായിട്ടുണ്ട്. ഇന്ത്യൻ കോസ്റ്റ് ഗാർഡിന് അവരുടെ ആവശ്യപ്രകാരം 120 മീറ്റർ ബർത്തും അനുബന്ധ സൗകര്യങ്ങൾക്കായി 15 ഏക്കർ ഭൂമിയും നൽകുവാൻ ധാരണയായിട്ടുണ്ട്. ഇതിലേയ്ക്കാവശ്യമായി വരുന്ന തുക ഇന്ത്യൻ നേവിയും, ഇന്ത്യൻ കോസ്റ്റ് ഗാർഡും വഹിക്കാം എന്ന ധാരണയിന്മേലാണ് ഇത് തത്വത്തിൽ അംഗീകരിച്ചിരിക്കുന്നത്. |

| | | | |
|---|---|---|---|
| (ബി) | പദ്ധതിക്കുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | പദ്ധതിയ്ക്കായുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. മൂന്ന് ഘട്ടങ്ങളിലായി നിർമ്മാണം പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന തുറമുഖം ആദ്യഘട്ടത്തിൽ 800 മീറ്റർ ബർത്തും, രണ്ടാംഘട്ടത്തിൽ 1200 മീറ്ററും, മൂന്നാംഘട്ടത്തിൽ 2000 മീറ്ററായി വർദ്ധിപ്പിച്ച് 18000 ടി.ഇ.യു മദർവെസൽസ് അടുപ്പിക്കുന്നതിനുള്ള സൗകര്യത്തോടുകൂടി വികസിപ്പിക്കുന്ന തരത്തിലാണ് മാസ്റ്റർ പ്ലാൻ രൂപകൽപ്പനചെയ്തിരിക്കുന്നത്. ഇപ്രകാരം തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ റിപ്പോർട്ട് 2013 മേയ് 30 -ാം തീയതി ബഹു. മുഖ്യമന്ത്രി പ്രകാശനം ചെയ്യുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടുകൾ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (സി) | പദ്ധതിയ്ക്ക് പാരിസ്ഥിതിക പഠനം പൂർത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ടുള്ള പാരിസ്ഥിതിക പഠനം പൂർത്തിയാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാർ അംഗീകൃത കൺസൾട്ടന്റായ എൽ & റ്റി റാമ്പോളും പദ്ധതി ഉപദേശകരായ ഐ.എഫ്.സിക്കു വേണ്ടി അംഗീകൃത കൺസൾട്ടന്റായ റോയൽ ഹാസ്കണിംഗുമാണ് പഠനം പൂർത്തിയാക്കിയത്. ഇവർ മുഖേന തയ്യാറാക്കിയ സംയോജിത പാരിസ്ഥിതിക പഠന റിപ്പോർട്ട് 2013 മേയ് 28 -ാം തീയതി പ്രസിദ്ധീകരിക്കുകയുണ്ടായി. പബ്ലിക്ക് ഹിയറിംഗ് നടത്തുന്നതിലേയ്ക്കായുള്ള അപേക്ഷ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ 2013 മേയ് 28-ാം തീയതി |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുകയും, പബ്ളിക്ക് ഹിയറിംഗ് ജൂൺ 29-ാം തീയതി തിരുവനന്തപുരം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ നടത്തുവാൻ ഉദ്ദേശിക്കുകയും ചെയ്യുന്നു. പബ്ളിക്ക് ഹിയറിംഗിന്റെ സാരാംശം കൂടി ഉൾക്കൊള്ളിച്ച് സമ്പൂർണ്ണ സാമൂഹിക - പാരിസ്ഥിതിക പഠനറിപ്പോർട്ട് 2013 ജൂലൈ മാസത്തോടുകൂടി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പാരിസ്ഥിതിക അനുമതിയ്ക്കായി അപേക്ഷയോടൊപ്പം സമർപ്പിക്കുവാനുദ്ദേശിക്കുന്നു. |
| (ഡി) | പദ്ധതിയ്ക്കുള്ള ഭൂമി ഏറ്റെടുക്കലും ധനസമാഹരണത്തിനുള്ള നടപടികളും ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (ഡി) | പദ്ധതി നിർമ്മാണത്തിന് ഏറ്റവും അത്യന്താപേക്ഷിതമായി വേണ്ടി വരുന്ന സ്ഥലത്തിന്റെ 98 % ഏറ്റെടുത്തു കഴിഞ്ഞു. വെയർ ഹൗസിനായി കോട്ടുകാൽ വില്ലേജിൽ കണ്ടെത്തിയിട്ടുള്ള 41.53 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു.<br>ഏറ്റെടുത്ത ഭൂമിയിൽ വീടു നഷ്ടപ്പെട്ട 47 കുടുംബങ്ങൾക്ക് ഉഭയ സമ്മതപ്രകാരം നഷ്ടപ്പെടുന്ന സ്ഥലവിലയ്ക്ക് പുറമെ 5 സെന്റ് സ്ഥലവും മറ്റു ആനുകൂല്യങ്ങളും നൽകി കഴിഞ്ഞു.<br>പദ്ധതിയ്ക്കായി വേണ്ടി വരുന്ന ചെലവ് |
| | | | പുനർനിശ്ചയിച്ച് പദ്ധതിയ്ക്ക് പാരിസ്ഥിതിക അനുമതി ലഭിക്കുന്ന മുറയ്ക്ക് ധനസമാഹരണം ലഭ്യമാക്കത്തക്കവിധത്തിലുള്ള നടപടികൾ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനി പൂർത്തിയാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ